# അക്കാദമിക മാസ്റ്റർപ്ലാൻ

പൊതു വിദ്യാഭ്യാസ ശാക്തീകരണത്തിന് കൈത്താങ്ങാവാൻ നിർമ്മല എൽ പി സ്കൂൾ ആലാറ്റിൽ മുന്നോട്ട് വെക്കുന്ന മാർഗരേഖ.

NIRMALA LP SCHOOL ALATTIL
Alattil P.o.
Wayanad
Pin-670644
Code:15416

# ഉള്ളടക്കം

1.ആമുഖം.

2.വിദ്യാഭ്യാസ ലക്ഷ്യങ്ങൾ.

3.മലയാള ഭാഷ.

4.ഇംഗ്ലീഷ് ഭാഷ.

5.പരിസര പഠനം.

6.അറബി ഭാഷ.

7.ഗണിതം മധുരം.

8.ദിനാചരണങ്ങൾ.

9.മേളകൾ.

10.ക്ലാസ് പി ടി എ.

11.പിന്നോക്ക വിദ്യാഭ്യാസ പുരോഗതി.

12.പോഷകാഹാര പരിപാടി.

13.കലാമേള.

14.കായിക വികസനം.

15.സർഗ പ്രവർത്തനങ്ങൾ.

16.പഠനയാത്ര.

17.ലൈബ്രറി വികസനം.

18.പൊതു വിദ്യാലയ ശാക്തീകരണം.

19.പൂർവ്വ വിദ്യാർത്ഥി സംഗമം.

20.ശുചിത്വം,മാലിന്യ നിർമ്മാർജ്ജനം.

21.സ്കൂൾ കലണ്ടർ.

22.പി ടി എ.

23.സ്മാർട്ട് ക്ലാസ് റൂം.

24.ജൈവ വൈവിധ്യ പാർക്ക്.

25. സമഗ്രഗുണമേന്മ വിദ്യാഭ്യാസം

# നിർമ്മല എൽ പി സ്കൂൾ ആലാറ്റിൽ

കുടിയേറ്റത്തോടെയുള്ള നിർമ്മല എൽ പി സ്കൂളിൻറ്റെ ചരിത്രം ആരംഭിക്കുന്നത്.1949-ലാണ് ഈ പ്രദേശത്ത് കുടിയേറ്റം ആരംഭിച്ചത്. പിന്നോക്ക മേഖലയായിരുന്ന ആലാറ്റിൽ പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനം നിർമ്മിക്കുക എന്ന വെല്ലുവിളി ഏറ്റെടുത്ത് കൊണ്ട് കർമ്മോത്സുകരായ മുൻഗാമികൾ മുന്നോട്ട് വരികയും 1964 ജൂൺ 1 ന് നിർമ്മല എൽ പി സ്കൂളിന് തുടക്കം കുറിക്കുകയും ചെയ്തു.

തുടക്കത്തിൽ ഒന്ന്, രണ്ട് ക്ലാസുകളിലായി എൽ പി സ്കൂൾ പ്രവർത്തനം ആരംഭിക്കുകയും,1966-67 പ്രവർത്തി വർഷത്തിൽ നാലാം ക്ലാസ് പൂർത്തിയായി. 1968 നവംബർ 28 ന് തലശ്ശേരി വിദ്യാഭ്യാസ ജില്ലാ ഓഫീസറുടെ 3214/67 നമ്പർ കല്പന അനുസരിച്ച് ഈ വിദ്യാലയത്തിന് സ്ഥിരമായ അംഗീകാരം ലഭിച്ചു.

1964-ൽ താൽക്കാലികമായ കെട്ടിടത്തിൽ ആരംഭിച്ച ഈ വിദ്യാലയം 1966 ജൂൺ മാസത്തിൽ പണി കഴിപ്പിച്ച പ്രധാന കെട്ടിടത്തിലേക്ക് മാറി. 1967 മുതൽ 1979ൽ മാനന്തവാടി കോപ്പറേറ്റ് നിലവിൽ വരുന്നതുവരെ ഈ സ്കൂൾ തലശ്ശേരി കോപ്പറേറ്റിൻറ്റെ കീഴിലായിരുന്നു.

കാലപ്പഴക്കത്താൽ നിലവിലെ കെട്ടിടം വേണ്ടത്ര സൌകര്യമില്ലാത്തതിനാൽ 2017 ജൂൺ 1 മുതൽ പുതിയ കെട്ടിടത്തിൽ ക്ലാസ് ആരംഭിച്ചു. 5 ക്ലാസുകളിലായി

വിദ്യാർഥികൾ പഠിക്കുന്നു. പ്രധാന അധ്യാപികയടക്കം 6 അധ്യാപകരും എസ് എസ് എ യിൽ നിന്ന് നിയമിച്ച ഒരു മെൻറ്റർ അധ്യാപികയും സേവനം ചെയ്യുന്നു

നിരവധി തലമുറകൾക്ക് അറിവിൻറ്റെ വെള്ളി വെളിച്ചം പകർന്നു നൽകിയ സ്ഥാപനം പുതിയ കാലത്തെ മാറ്റങ്ങൾ ഉൾക്കൊണ്ട് കൊണ്ട് ഇനിയുമൊരുപാട് തലമുറകൾക്ക് വിജ്ഞാന വെളിച്ചം പകരാൻ പ്രതിജ്ഞാബദ്ധമായി നിലകൊള്ളുന്നു.

<u>വിദ്യഭ്യാസ പൊതുലക്ഷ്യങ്ങൾ</u>

- ഓരോ വിദ്യാഭ്യാസ കാലഘട്ടത്തിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടുക.
- ഓരോ കുട്ടിയും 3 ഭാഷകളിൽ (eng,mal,hindi)ഭാഷാജ്ഞാനവും,ആശയ വിനിമയ ശേഷിയും നേടുക.
- കേവലം വിഷയ പഠനത്തിൽ മാത്രം കഴിവുകൾ ഒതുക്കാതെ സമഗ്രവികസനം ലക്ഷ്യമാക്കുക.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.
- കുട്ടികളുടെ സമഗ്ര വളർച്ച ഉറപ്പാക്കുക.
- പഠന പഠ്യേതര മേഖലകളിൽ ഉള്ള വികാസം ഉറപ്പാക്കുക.
- ഓരോ വിദ്യാർത്ഥിയുടെയും സർഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും,വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ നൽകുക.

- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന അന്തരീക്ഷം സജ്ജമാക്കുക.
- ശുചിത്വം,സർവ്വസാഹോദര്യം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക.
- മികവാർന്ന ശേഷികൾ നേടുന്നു എന്ന് ഉറപ്പാക്കുക.
- പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക.
- സർവ്വമത സാഹോദര്യം ഉറപ്പാക്കുക.
- വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പാക്കുക.
- അക്കാദമിക വികസനത്തിനു വേണ്ടി പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

# മേഖല-അക്കാദമികം

## ഉപമേഖല-മലയാളം

**ലക്ഷ്യങ്ങൾ**

- മലയാള ഭാഷാപഠനം രസകരവും വിജ്ഞാനപ്രദവുമാക്കി മാറ്റുക.
- മാതൃഭാഷ എന്ന നിലയിലും ചിന്തയുടെയും പഠനത്തിൻറ്റെയും ബോധനത്തിൻറ്റെയും മാധ്യമം എന്ന നിലയിലും മലയാള ഭാഷയ്ക്ക് സവിശേഷ പ്രാധാന്യം നൽകുക.
- ഹ്രസ്വവും മധ്യകാലഘട്ടത്തിലും ദീർഘവുമായ കാലയളവിൽ വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ഭാഷാപരമായ നിലവാരം ഉയർത്തുക.
- ജീവിത പരിസരങ്ങളിൽ നിന്ന് ആർജിക്കുന്ന ആശയങ്ങളെയും ഭാവങ്ങളെയും കരുത്തോടെയും ആത്മവിശ്വാസത്തോടെയും സന്ദർഭോചിതമായി വിനിമയം ചെയ്യുന്നതിന് കുട്ടികളെ പര്യാപ്തമാക്കുക.

## ദീർഘകാലപ്രവർത്തനങ്ങൾ

**1.പത്രവാർത്തകളിലൂടെ**

- പത്രവാർത്ത ബോർഡിൽ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- പത്രം വായിക്കാനും ചിത്രങ്ങൾ കാണുവാനും ക്ലാസിൽ അവസരം.

**2.മലയാള ക്ലബ്**

- കുട്ടികൾക്കായ് ക്ലബ് രൂപീകരണം-അധ്യാപകർക്ക് ചാർജ്ജ് നൽകുന്നു.
- റിസോഴ്സ് പേഴ്സൺസ് ക്ലാസുകൾ നയിക്കുന്നു.
- മത്സരങ്ങൾ നടത്തുന്നു.

**3.നാടൻപാട്ട് കളരി**

- അധ്യാപികയുടെ നേതൃത്തിൽ നാടൻപാട്ട് കളരി.
- വാർഷികം, പി റ്റി എ,ജനറൽബോഡി തുടങ്ങിയ അവസരങ്ങളിൽ അവതരണം നടത്തുന്നു.

**4.മുന്നോട്ടെത്താൻ-അക്ഷരം**

- പിന്നോക്ക പഠനക്കാർക്കായി അക്ഷരം എന്ന പേരിൽ രാവിലെ 9-30 മുതൽ 10 വരെ പ്രത്യക ക്ലാസ് നടത്തുന്നു.(ക്ലാസ് തലം,സ്കൂൾ തലം)

## 5.വായനാ-രചനാ മത്സരങ്ങൾ

- 1-2-ക്ലാസുകൾക്കായും,3-4 ക്ലാസുകൾക്കായും മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

## 6.ക്വിസ്സ്

- ഓരോ ദിവസവും 5 ചോദ്യോത്തരങ്ങൾ വെച്ച് കുട്ടികൾക്ക് നൽകി ആഴ്ചയിൽ ക്ലാസ് തല മത്സരവും മാസത്തിൽ സ്കൂൾ തല ക്വിസ് മത്സരങ്ങളും നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു.

## 7.ഭാഷാമാഗസിൻ

- സ്കൂളിലെ എല്ലാ വിദ്യാർത്ഥികളുടെയും രചനകൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു.
- 2023-24 അധ്യയന വർഷം ആരംഭത്തിൽ തന്നെ [illegible] സന്ദർഭോചിതമായി [illegible] നടത്തുന്നു. [illegible] നടത്തുന്നു. (JUNE 7,8)
- MSSIP ആരംഭിക്കുന്നു.
- ചിത്രനോട്ടുബുക്ക് ആരംഭിക്കുന്നു.

# മേഖല-അക്കാദമികം

## ഉപമേഖല-ഇംഗ്ലീഷ് ഭാഷ

**ലക്ഷ്യങ്ങൾ**

1.To Ensure meaningful reading

2.To Ensure meaningful communication according to their age and class

3.To made the chance for literary creation

4.To Ensure understand them different languages discourses

5.To Ensure SCT Facilities for the development of language skill

**പ്രവർത്തനങ്ങൾ**

**1-story time-**

- എല്ലാ വെള്ളിയാഴ്ച്ചയും ഇംഗ്ലീഷ് ഡേ ആയി ഉപയോഗിക്കുന്നു.
- പാഠഭാഗവുമായി ബന്ധപ്പെട്ട് കഥാ ഭാഗങ്ങൾ കണ്ടെത്തൽ.

- അവതരണത്തിന് വിവിധ തന്ത്രങ്ങൾ(കഥാ പ്രസംഗ രൂപം,പാവകളി,നാടകീകരണം.)

**2-Picture reading**

**3.morning reading cards**

## ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

**ACTIVITY**

1.അക്ഷരം ഉറപ്പിക്കൽ

2.അക്ഷരകാർഡ് നൽകൽ

3.വാക്കുകൾ എഴുതിയ കാർഡ്

4.വാക്കുകൾ-വാക്യങ്ങൾ നിർമ്മിക്കൽ

5.ചിത്രകഥ പറയൽ

6.കഥ ബാക്കി എഴുതൽ

7.പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യകം ക്ലാസ്

**FORMATION OF CLASS LIBARARY ACTIVITY**

1.വായനാമൂല

2.ക്ലാസ് ലൈബ്രറി നവീകരിക്കൽ

3.സ്കൂൾ ലൈബ്രറി നവീകരിക്കൽ

4.ദിനാചരണങ്ങൾ

5.ഇ-വായന

6.വായനാകാർഡുകൾ

7.English Club

8.പുസ്തക ചർച്ച

**ENGLISH ASSEMBLY**

ആഴ്ചയിൽ ഒരു ദിവസം English Assembly ഒരുക്കുന്നു.

- WALL MAGAZINE
- CLASS DICTIONARY
- ENGLISH THE ATURE
- LANGUAGE LAB
- Develop English language skill create English atmosphere in class. Ask 25 more questions in class rooms daily

VOCABULARY DEVELOPMENT

LANGUAGE ACTIVITIES

## മേഖല-അക്കദമികം

## ഉപമേഖല-പരിസരപഠനം

**ലക്ഷ്യങ്ങൾ**

1. പരിസ്ഥിതി സൌഹാർദ്ദ മനോഭാവം വളർത്തുക.
2. പരിസ്ഥിതി പ്രശ്നങ്ങൾ തിരിച്ചറിയാൻ പരിഹാര പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർത്ഥികളെ സജ്ജമാക്കൽ.
3. പരിസര വിദ്യാഭ്യാസം നിരന്തരവും ആജീവാനന്ത പ്രക്രിയയും ആക്കുന്നതിന്.
4. തൊട്ടടുത്ത പരിസരത്തെ പ്രശ്നങ്ങളിൽ നിന്നും ആഗോള പരിസ്ഥിതി പ്രശ്നങ്ങളിലേക്ക് കുട്ടിയുടെ ശ്രദ്ധ നയിക്കുന്നു.

## പ്രവർത്തനങ്ങൾ

### പ്രവർത്തനം-1

1. സെമിനാർ- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് (പരിസ്ഥിതി) സെമിനാർ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കുന്നു. ഉപവിഷയങ്ങൾ നൽകി പ്രബന്ധങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു.
2. അഭിമുഖം- വിവിധ വിഷയങ്ങളിൽ വിവിധ ആളുകളുമായി അഭിമുഖം നടത്തുന്നു.കർഷകരുമായി, സ്ഥാപന ഉടമകളുമായി വിവരങ്ങൾ ശേഖരിക്കുന്നു.
3. പ്രകൃതി നടത്തം-പ്രകൃതിയുടെ ചലനങ്ങൾ തൊട്ടറിയുന്നതിന് നിഹിക്കുന്നതിനുമായ പ്രകൃതി നടത്തം സംഘടിപ്പിക്കുന്നു.
4. ഫീൽഡ് ട്രിപ്പ്-കൃഷി സ്ഥലങ്ങൾ,വ്യവസായ ശാലകൾ, സ്ഥാപനങ്ങൾ എന്നിവയെ പറ്റി അടുത്തറിയുന്നതിനായി ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.
5. പച്ചക്കറിത്തോട്ടം-കൃഷിരീതിയും വിളവെടുപ്പ്,നടീൽ എന്നിവയെക്കുറിച്ചറിയുന്നതിനായി പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു.
6. ആൽബം-വിവിധ തരം ആൽബങ്ങൾ നിർമ്മിക്കുന്നു.(നാണയം,ഇലകൾ,സ്റ്റാംബ്)
7. ലഘുപ്രോജക്ട്-പരിസ്ഥിതി പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തുന്നതിനുമായി ലഘുപ്രോജക്ടുകൾ ചെയ്യുന്നു.
8. പരിസ്ഥിതി സംരക്ഷണ പ്രധാന്യം മനസ്സിലാക്കാൻ പ്രവർത്തനങ്ങൾ.
9. കുട്ടികളുടെ പ്രദേശങ്ങളിലെ പ്രാദേശിക പ്രശ്നങ്ങളെ [illegible] ടത്ത് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

- റാലികൾ
- നിവേദനങ്ങൾ

9.ചോദ്യാവലി നിർമ്മാണം

10.സർവ്വേ

11.ചർച്ചാക്കുറിപ്പുകൾ

12.പരീക്ഷണത്തിൽ ഏർപ്പെടൽ

<u>ചുമതല</u>

- ക്ലാസ് അധ്യാപകർ
- പരിസ്ഥിതി കൺവീനർ

# മേഖല-അക്കാദമികം

## ഉപമേകല-അറബിഭാഷ

**അറബിക് മധുരം**

**ലക്ഷ്യം**

- അറബിക് ഭാഷയോട് താൽപര്യം വർദ്ധിപ്പിക്കുക.
- അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പരിപോഷിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക.
- അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമുള്ള വിദ്യാർത്ഥികൾക്ക് പ്രിൻറ്റ് ചെയ്ത വലിയ അക്ഷരങ്ങൾ ഉപയോഗപ്പെടുത്തി തിരിച്ചറിയൽ പ്രയാസമകറ്റുന്നു.

**വായനാലോകം**

ലക്ഷ്യം-വിദ്യാർത്ഥികൾക്ക് വായനാ താൽപര്യം വർദ്ധിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

തെരഞ്ഞെടുത്ത പുസ്തകശേഖരം

**പുസ്തകങ്ങൾ**

1. ചിത്രകഥ(അറബിക്)
2. കഥാ പുസ്തകം(അറബിക്)
3. കുട്ടിക്കവിതകൾ(അറബിക്)
4. അറബിക് ക്വിസ്

**കാലാവധി**-6 മാസം

**ഭൗതികം**-സ്കൂൾ ലൈബ്രറി,ക്ലാസ് ലൈബ്രറി

**സമാഹരണം**-സർക്കാർ ഫണ്ട്,ഓരോ കുട്ടിയും ഒരു പുസ്തകം സംഭാവന ചെയ്യൽ.

**ആസ്വാദന ലോകം**

ലക്ഷ്യം-വിദ്യാർത്ഥികളിലെ ആസ്വാദന ശേഷിപോഷണം.

**പ്രവർത്തനങ്ങൾ**

1. പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള വിദ്യാർത്ഥികളെ ആസ്വദിപ്പിക്കാനും ശ്രവിക്കാനും അവസരമുണ്ടാക്കുക.

2. അറബിക് കഥകളും കവിതകളും കമ്പ്യൂട്ടർ ലാബ് ഉപയോഗിച്ച് കേൾപ്പിക്കുക.
3. അറബിക് ഡേയിൽ വിദ്യാർത്ഥികളുടെ പരിപാടികൾ ഉൾപ്പെടുത്തി സ്പെഷൽ പ്രോഗ്രാം സംഘടിപ്പിക്കുക.

<u>കാലാവധി-6 മാസം</u>

<u>പിന്തുണ-കമ്പ്യൂട്ടർ ലാബ്</u>

<u>നല്ല എഴുത്ത്</u>

<u>ലക്ഷ്യം</u>

- വിദ്യാർത്ഥികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ

<u>പ്രവർത്തനങ്ങൾ</u>

1. ഓരോ വിദ്യാർത്ഥികൾക്കും പ്രത്യേകം വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലിപ്പിക്കുക.

<u>ക്ലാസ്തലം</u>

<u>ലക്ഷ്യം</u>

1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ ലഭിച്ചിരിക്കേണ്ട അറിവുകൾ ലഭിച്ചിരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.

പ്രവർത്തനങ്ങൾ

- പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിൽ വരുത്തുക.
- അറബിക് ഭാഷ സംസാര താൽപര്യം വർദ്ധിപ്പിക്കാൻ ലളിതവാചകങ്ങൾ, സംസാര ശൈലികൾ എന്നിവ കേൾപ്പിക്കുക.

<u>ചുമതല-</u>

അറബിക് അധ്യാപകൻ

## <u>മേഖല-അക്കാദമികം</u>

### <u>ഉപമേഖല-ഗണിതം</u>

<u>ലക്ഷ്യങ്ങൾ</u>

1.1 മുതൽ 4 വരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികൾ നേടിയിരിക്കേണ്ട ഗണിതശേഷികൾ വിദ്യാർത്ഥികൾക്ക് ലഭിച്ചെന്ന് ഉറപ്പ് വരുത്തുക.

2.സംഖ്യകളും അവയുടെ ക്രിയകളുമായി വിദ്യാർത്ഥികൾക്കുള്ള ബന്ധവും താൽപര്യവും വർദ്ധിപ്പിക്കുക.

## പ്രവർത്തനങ്ങൾ (ക്ലാസ് 1)

- സംഖ്യകളെ പരിചയപ്പെടുത്തൽ-ചിത്രം നോക്കി സംഖ്യകളെ ബന്ധിപ്പിക്കുന്നു. 10-19, 21-29 വരെയുള്ള സംഖ്യകളുടെ പുതിയ കൂട്ടങ്ങൾ ഉണ്ടാക്കുന്നു. 10കളുടെ കൂട്ടങ്ങളോട് 1 മുതൽ 9 വരെ കൂട്ടങ്ങൾ ചേർന്ന് 99 വരെയുള്ള സംഖ്യകൾ പരിചയപ്പെടുത്തുന്നു.
- സങ്കലനം-തുക 9 വരെയുള്ള സങ്കലനക്രിയ.
- വ്യവകലനം-9 വരെയുള്ള സംഖ്യകളുടെ വ്യവകലനക്രിയ.
- ആരോഹണ അവരോഹണക്രിയ- 1 മുതൽ 5 വരെയുള്ള സംഖ്യകളുടെ കൂടുതൽ,കുറവ് അടിസ്ഥാനത്തിൽ ക്രമീകരിക്കൽ.
- സംഖ്യാപാറ്റേണുകൾ-പത്തുകളുടെ കൂട്ടങ്ങൾ ചേർന്നുണ്ടാകുന്ന വലിയ കൂട്ടങ്ങളുടെ എണ്ണം പരിചയപ്പെടുത്തുന്നു.(10,20,30.......100)

## പഠനോപകരണം

ഗണിതകിറ്റ് (മഞ്ചാടി, ചിപ്പികൾ, ചിത്രങ്ങൾ, രൂപങ്ങൾ.)

- സംഖ്യാബോധം-നാണയങ്ങൾ,നോട്ടുകൾ എന്നിവയുടെ തുകകൾ തിരിച്ചറിയാൻ സഹായിക്കുന്നു.
- ആവർത്തന സങ്കലനം-ഗുണനം ലളിതമായ രീതിയിൽ പഠിച്ചു തുടങ്ങുന്നു.(2, 5, 10)
- സ്ഥാനവില പോക്കറ്റ് നിർമ്മാണം - സംഖ്യാബോധം ഉറപ്പിക്കാൻ
- ഒരു കുട്ടിക്ക് ഒരു നമ്പർബോക്സ് ,,

**പഠനോപകരണം**

കലണ്ടർ,കളിനോട്ടുകൾ,നാണയങ്ങൾ,സംഖ്യാകാർഡ്

**പ്രവർത്തനങ്ങൾ**

- ക്ലോക്ക്,കലണ്ടർ, എന്നിവയുടെ ഉപയോഗം പഠിപ്പിക്കൽ-ക്ലോക്ക്, വാച്ച് എന്നിവ നോക്കി സമയം പറയുന്നതിനും കലണ്ടറിൽ നിന്നും വിവരങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമായ പ്രവർത്തങ്ങൾ കൊടുക്കുന്നു.
- രണ്ട്,മൂന്ന് എന്നീ സംഖ്യകളുടെ ഗുണിതങ്ങളെ തിരിച്ചറിയുന്നതിന് ICT സാധ്യത പ്രയോജനപ്പെടുത്തൽ.

**പഠനോപകരണം**

ഗണിതലാബ്-കലണ്ടർ, ക്ലോക്ക്, സ്കെയിൽ, മീറ്റർ സ്കെയിൽ, ടേപ്പ്, കളിനോട്ട്, നാണയങ്ങൾ, സംഖ്യാകാർഡ്, ചാർട്ട്, മഞ്ചാടി, വളകൾ, കളർപെൻസിൽ, തീപ്പെട്ടിക്കമ്പ്, ഗണിത ലൈബ്രറി, ICT

**പ്രവർത്തനങ്ങൾ**

- സമയചക്രം പരിചയപ്പെടുത്തൽ-24 മണിക്കൂർ ക്ലോക്ക്, 12 മണിക്കൂർ ക്ലോക്ക്, am/pm എന്നിവ എന്തെന്ന് തിരിച്ചറിയുന്നു.
- കലണ്ടർ-ക്രിസ്തുവർഷ തീയതിയിൽ നിന്ന് മറ്റുവർഷ തീയതികൾ കണ്ടെത്തുന്നു.(ഹിജ്റ വർഷം, ശകവർഷം, കൊല്ലവർഷം,അധിവർഷം)

പഠനോപകരണം

ഗണിതലാബ്-കലണ്ടർ.ക്ലോക്ക്,സ്കെയിൽ, മീറ്റർ സ്കെയിൽ, ടേപ്പ്, കളിനോട്ട്, അളവുപകരണങ്ങൾ, നാണയങ്ങൾ, സംഖ്യാകാർഡ്, ചാർട്ട്, മഞ്ചാടി, വളകൾ, കളർപെനസിൽ, അസംസ്കൃത വസ്തുക്കൾ, ഗണിതലൈബ്രറി, ICT.

- ഗണിത ക്ലബ്ബ്-1-4 ക്ലാസുകളിലെ ഗണിതത്തിൽ താൽപര്യമുള്ള കുട്ടികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഗണിത അധ്യാപികയുടെ നേതൃത്തിലുള്ള ഗണിതക്ലബ്ബ്.

ചുമതല-

ഗണിതക്ലബ്ബ് കൺവീനർ,

ക്ലാസ് ടീച്ചർ.

# മേഖല-അക്കദമികം

## ഉപമേഖല-ദിനാചരണങ്ങൾ

**ലക്ഷ്യങ്ങൾ**

വ്യത്യസ്ത ദിനാചരണങ്ങളും അതുമായി ബന്ധപ്പെട്ട വിവരങ്ങളും വിദ്യാർത്ഥികൾക്ക് പകർന്ന് നൽകുക. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട മഹത് വ്യക്തികളെക്കുറിച്ചും അവർ നൽകിയ സംഭാവനകളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുകയും പ്രേരണയുണ്ടാക്കുകയും ചെയ്യുക.

**പ്രവർത്തനങ്ങൾ**

**ജൂൺ**

- പ്രവേശനോത്സവം
  PTA,SSG പൂർവ്വവിദ്യാർത്ഥികളുടെയും സഹകരണത്തോടെ തയ്യാറെടുപ്പുകൾ നടത്തുന്നു.
- ജൂൺ 5-ലോകപരിസ്ഥിതി ദിനം

പിറ്റിഎ യുടെ നേതൃത്തിൽ വൃക്ഷ തൈ നടുന്നു.

- ജൂൺ 19-വായനാ ദിനം

  പൊതുമീറ്റിംഗ്-വായനാവാര ഉദ്ഘാടനം, വിശിഷ്ടാതിഥി
- [illegible] - തെരഞ്ഞെടുപ്പ്, CPTA തെരഞ്ഞെടുപ്പ്

<u>ജൂലൈ</u>

ജൂലൈ-5

- ബഷീറിനെപ്പറ്റിയുള്ള പ്രസംഗമത്സരം
- ബഷീർ കൃതികളുടെ വിതരണം-വായനാമൂലയിൽ ബഷീർ കൃതികളുടെ പ്രദർശനം

ജൂലൈ 17- ജോസഫ് മുണ്ടശ്ശേരിയുടെ ജന്മദിനം

- പ്രസംഗം
- ക്വിസ് മത്സരം

ജൂലൈ 21-ചാന്ദ്രദിനം

- ചന്ദ്രനേപ്പറ്റിയുള്ള വീഡിയോ കാണിച്ച് കൊടുക്കുന്നു.

ജൂലൈ 28-ലോക പ്രകൃതി സംരക്ഷണദിനം

- തണൽ-എല്ലാവരും പച്ചക്കറികളോ ചെടികളോ വീട്ടിൽ നട്ടുപിടിപ്പിക്കുന്നു.

**ആഗസ്ത്**

ആഗസ്ത് 1-ബാലഗംഗാധരതിലകൻ ചരമദിനം

- അസംബ്ലിയിൽ സന്ദേശം നൽകൽ.

ആഗസ്ത് 4-അന്തർദേശീയ സുഹൃത് ദിനം

- ആശംസാകാർഡ് നിർമ്മാണം
- മഹത് വ്യക്തികളുടെ സന്ദേശം കൈമാറൽ

ആഗസ്ത് 6-ഹിരോഷിമ ദിനം

- കൊളാഷ് നിർമ്മാണം.
- വാർത്തകൾ ശേഖരിക്കൽ.

ആഗസ്ത് 15-സ്വാതന്ത്ര്യ ദിനം

- സ്വാതന്ത്യ ദിന റാലി.
- കലാപരിപാടികൾ.

**സെപ്തംബർ**

ഓണാഘോഷം

- ഓണക്കളികൾ-സമ്മാനദാനം

- പൂക്കളം നിർമ്മിക്കൽ.
- ഓണസദ്യ.

സെപ്തംബർ 16-ഓസോൺ ദിനം

- അസംബ്ലി പ്രസംഗം
- ഗ്രൂപ്പടിസ്ഥാനത്തിൽ റാലി.

<u>ഒക്ടോബർ</u>

ഒക്ടോബർ 1-ദേശീയ രക്തദാനദിനം

- രക്തദാനം മഹാദാനം എന്ന വിഷയവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ക്ലാസ് സംഘടിപ്പിക്കൽ.

ഒക്ടോബർ 2-ഗാന്ധിജയന്തി

- സേവനവാരം
- ക്വിസ് മത്സരം.
- സിനിമ പ്രദർശനം.
- കൊളാഷ് നിർമ്മാണം.

ഒക്ടോബർ 15-ഡോ.എ പി ജെ അബ്ദുൾ കലാം ജന്മദിനം

- ചിത്ര പ്രദർശനം-ഇന്ത്യൻ രാഷ്ട്രപതിമാർ.
- വീഡിയോ പ്രദർശനം-കലാമും ഇന്ത്യയും

ഒക്ടോബർ 24-ഐക്യരാഷ്ട്ര ദിനം

- അസംബ്ലി.
- സന്ദേശം-ഐക്യരാഷ്ട്ര ദിനം.

<u>നവംബർ</u>

നവംബർ 1-കേരള പിറവി ദിനം

- കേരളത്തിൻറ്റെ ചരിത്രവും വർത്തമാനവും പ്രത്യേകതകളും ഉൾപ്പെടുത്തി കയ്യെഴുത്ത് മാസിക.
- കേരള പതിപ്പ്-ക്ലാസടിസ്ഥാനത്തിൽ പുറത്തിറക്കുന്നു.

നവംബർ 12-ദേശീയ പക്ഷി നിരീക്ഷണ ദിനം

- നിരീക്ഷണ താൽപര്യം വിദ്യാർത്ഥികളിൽ ജനിപ്പിക്കുന്ന രീതിയിൽ ഡോ.സലീം അലിയുടെ ജീവിത സന്ദേശം അസംബ്ലിയിൽ അവതരിപ്പിക്കും.
- പക്ഷിക്കുറിപ്പ് മത്സരം നടത്തുക.

നവംബർ 14-ശിശുദിനം

- ശിശുദിന സന്ദേശ റാലി നടത്തുക.
- ശിശുദിന സന്ദേശം ഉൾക്കൊള്ളുന്ന പൊതുപരിപാടി വിദ്യാർത്ഥികളുടെ സർഗാത്മക പരിപാടി ഉൾപ്പെടുത്തി നടത്തുക.

നവംബർ 30-പഴശ്ശിരാജ ജന്മദിനം.

- പഴശ്ശി ചരിത്ര വിവരണ ശേഖര മൽസരം ഗ്രൂപ്പടിസ്ഥാനത്തിൽ നടത്തുക.

<u>ഡിസംബർ</u>

ഡിസംബർ 6-ഡോ.അംബേദ്കർ ചരമദിനം

- അസംബ്ലി-അനുസ്മരണം
- ക്വിസ് മൽസരം.

ഡിസംബർ 7-പതാക ദിനം

- പതാകയെ ആദരിക്കൽ
- ക്ലാസ്തല പതാക നിർമ്മാണ മൽസരം.
- വിവിധ രാജ്യങ്ങളിലെ പതാക പരിചയപ്പെടുത്തൽ.
- വിജയികൾക്ക് സമ്മാനം നൽകൽ.

ഡിസംബർ 10-മനുഷ്യാവകാശ ദിനം

- മനുഷ്യാവകാശവുമായി ബന്ധപ്പെട്ട അവബോധ ക്ലാസ്.

ഡിസംബർ 22-ശ്രീനിവാസൻ രാമാനുജൻ ജന്മദിനം.

- രാമാനുജ സംഖ്യ പരിചയപ്പെടുത്തൽ.

ഡിസംബർ 23-ക്രിസ്തുമസ് ആഘോഷം.

- ക്രിസ്തുമസ് സന്ദേശം.
- ക്രിസ്തുമസ് കാർഡ് നിർമ്മാണ മൽസരം.
- പുൽക്കൂട് നിർമ്മാണം.

<u>ജനുവരി</u>

ജനുവരി 1-പുതുവൽസര ദിനം

- ന്യൂ ഇയർ കാർഡ് നിർമ്മാണം.
- പുതുവൽസര സന്ദേശം.
- ആശംസകൾ കൈമാറൽ.

ജനുവരി 26-റിപ്പബ്ലിക് ദിനം.

- ആസംബ്ലി-പതാക ഉയർത്തൽ.
- റിപ്പബ്ലിക് സന്ദേശം.

- ഇന്ത്യയുമായി ബന്ധപ്പെട്ട പതിപ്പുകൾ.

<u>ഫെബ്രുവരി</u>

ഫെബ്രുവരി 21-അന്താരാഷ്ട്ര മാതൃഭാഷാ ദിനം.

- മലയാളത്തിൽ മാത്രമുള്ള കലാപരിപാടികൾ.

ഫെബ്രുവരി 28-ദേശീയ ശാസ്ത്രദിനം

- ശാസ്ത്ര ക്വിസ് മൽസരം.
- ശാസ്ത്രജ്ഞരുടെ ചിത്രങ്ങളും വിവരങ്ങലും ശേഖരിക്കൽ.

<u>മാർച്ച്</u>

മാർച്ച് 21-ലോക വനവൽകരണ ദിനം.

- വനവൽക്കരണ സന്ദേശം.

മാർച്ച് 22-ലോക ജലദിനം.

- പോസ്റ്റർ രചന-ജല സംരക്ഷണവുമായി ബന്ധപ്പെട്ട്

<u>ചുമതല</u>

ക്ലബ്ബ് കൺവീനർ, സാമ്പത്തികം-PTA

# മേഖല-അക്കാദമികം

## ഉപമേഖല-മേളകൾ

**ലക്ഷ്യം**

വിദ്യാർത്ഥികളിൽ ശാസ്ത്ര,ഗണിത,പ്രവർത്തി പരിചയ ബോധം വളർത്തുക.

**പ്രവർത്തനങ്ങൾ**

- സ്കൂൾ തല ശാസ്ത്ര ഗണിത പ്രവർത്തി പരിചയ മേളകളിൽ എല്ലാ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.
- ഉപജില്ലാ തലത്തിൽ പരമാവധി വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുക.

**ചുമതല**

ക്ലാസ് ടീച്ചർ

സാമ്പത്തികം-പി ടി എ ഫണ്ട്.

# മേഖല-അക്കാദമികം

## ഉപമേഖല-ക്ലാസ് പി.ടി.എ സജീവമാക്കൽ

**ലക്ഷ്യം**

വിദ്യാർത്ഥികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ.പഠന പ്രവർത്തനത്തിൽ രക്ഷിതാക്കളുടെ ഇടപെടലും സഹായവും ഉറപ്പ് വരുത്തൽ.

**പ്രവർത്തനങ്ങൾ**

1. ക്ലാസ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ.
2. പഠന പുരോഗതി വിലയിരുത്തൽ.
3. മികവുകളുടെ അവതരണം.
4. പൊതു ചർച്ച.

**ചുമതല**

ക്ലാസ് ടീച്ചർ.

# മേഖല-അക്കാദമികം

## ഉപമേഖല-പിന്നോക്ക വിദ്യാഭ്യാസ പുരോഗതി

**ലക്ഷ്യം**

പിന്നോക്ക വിഭാഗകുട്ടികളുടെ ഉന്നമനം

**പ്രവർത്തനങ്ങൾ**

- 9-30 മുതൽ 10 മണി വരെ പിന്നോക്കർക്കായി പ്രത്യേക അക്ഷര ക്ലാസ്.
- അധ്യാപകർ ഗ്രൂപ്പ് തിരിഞ്ഞ് കുട്ടികളുടെ കോളനികൾ സന്ദർശിക്കുന്നു.
- ഓരോ ദിവസവും വ്യത്യസ്തമായ പ്രഭാത ഭക്ഷണം.
- കലാമേളയ്ക്ക് വേണ്ടി പ്രത്യേക അധ്യാപക കോച്ചിംഗ്
- കലാപരമായ പരിപാടികൾ പഠിക്കുന്നതിന് 1.30 മുതൽ 1.45 വരെ
- രക്ഷിതാക്കളുടെ സഹായത്തോടെ അധ്യപകർ വായനാകാർഡ് തയ്യാറാക്കുന്നു.
- മെൻറ്റർ ടീച്ചറുടെ സഹായത്താൽ സ്കൂളിൽ വരാത്ത കുട്ടികളുടെ വീടുകൾ സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി വേണ്ട നടപടികൾ സ്വീകരിക്കുന്നു.
- കുട്ടികളുടെ യാത്ര സൌകര്യം എളുപ്പമാക്കാൻ ഗോത്രസാരഥി പദ്ധതി.

**ചുമതല**

എച്ച് എം,മെൻറ്റർ ടീച്ചർ

സാമ്പത്തികം

പഞ്ചായത്ത്,SSA

## മേഖല-അക്കാദമികം

## ഉപമേഖല-പോഷകാഹാര പരിപാടി

**ലക്ഷ്യം**

പഠനത്തിന് അനിവാര്യമായ ആരോഗ്യമുള്ള ശരീരം വിദ്യാർത്ഥികളിൽ ഉറപ്പ് വരുത്തുക.

**പ്രവർത്തനങ്ങൾ**

ആഴ്ചയിലെ എല്ലാ പ്രവർത്തി ദിവസങ്ങളിലും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും നൽകൽ.

**ചുമതല**

എച്ച് എം

പി.ടി.എ

**സാമ്പത്തികം**

സർക്കാർ ഫണ്ട്

# മേഖല-അക്കാദമികം

## ഉപമേഖല-കലാമേള

**ലക്ഷ്യം**

വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ കലാപരമായ കഴിവ് കണ്ടെത്തുക.ശേഷികൾ തിരിച്ചറിഞ്ഞ് ആവശ്യമായ പരിശീലന സഹായങ്ങൾ നൽകി ഉയരാനുള്ള വഴിയൊരുക്കുക.

**പ്രവർത്തനങ്ങൾ (ഹ്രസ്വകാലം)**

- ക്ലാസ് ടീച്ചറുടെ നേതൃത്വത്തിൽ 1 മുതൽ 4 വരെ ക്ലാസുകളിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കായ് കലാപരമായ കഴിവുകൾ കണ്ടെത്തുക.
- ക്ലാസ് പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ കലാശേഷികൾ പ്രകടിപ്പിക്കാനുള്ള അവസരം നൽകും.പ്രോത്സാഹനവും സഹായവും നൽകി കലാശേഷികൾ വികസിപ്പിക്കാൻ ശ്രമിക്കും.
- ആഴ്ചയിലൊരിക്കൽ ക്ലാസ്തല സാഹിത്യസമാജം നടത്തും. വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന മെച്ചപ്പെട്ട ഇനങ്ങൾക്ക് പ്രോത്സോഹന സമ്മാനങ്ങൾ നൽകും.
- വ്യത്യസ്തവും മേന്മയുള്ളതുമായ ഇനങ്ങൾ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകി വിദ്യാർത്ഥികളുടെ അഭിപ്രേരണ പോഷിപ്പിക്കും.

- സ്കൂൾ കലാമേള നടത്തി പഞ്ചായത്ത്,സബ്ജില്ലാ തലത്തിൽ പങ്കെടുക്കാനുള്ള മത്സരാർത്ഥികളെ കണ്ടെത്തുകയും ആവശ്യമായ പരിശീലന സഹായം നൽകുകയും ചെയ്യും.
- വിദ്യാർത്ഥി വിദ്യർത്ഥിനികളുടെ കലാശേഷികൾ കണ്ടെത്താനും അധ്യാപകരിലൊരാളെ കോർഡിനേറ്ററായി നിശ്ചയിക്കും.

<u>ദീർഘകാലം</u>

- ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ സവിശേഷ കലാശേഷികൾ കണ്ടെത്തി ഭാവിയിൽ സംസ്ഥാനതല വിജയം കൈവരിക്കാൻ സഹായകരമായ മാർഗനിർദ്ദേശങ്ങൾ നൽകും.രക്ഷിതാക്കളുടെ സഹകരണത്തോട് കൂടി ഇത്തരം വിദ്യാർത്ഥികളെ അവധിക്കാല പരിശീലന പരിപാടിയിൽ പങ്കെടുക്കാനുള്ള സാഹചര്യമൊരുക്കും

<u>ചുമതല</u>

SRG

# മേഖല-അക്കാദമികം

## ഉപമേഖല-കായിക വികസനം

### ലക്ഷ്യം

സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുക.ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തി പഠന പഠ്യേതര പ്രവർത്തനങ്ങളിൽ ഊർജ്ജസ്വലത പ്രദാനം ചെയ്യുക.വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ കായികശേഷി തിരിച്ചറിഞ്ഞ് വികസിപ്പിച്ച് ഏറ്റവും ഉയർന്ന തലങ്ങളിലേക്കുള്ള വളർച്ചയ്ക്ക് ശക്തി പകരുക.വിവിധ കായിക മത്സരങ്ങളിൽ പങ്കെടുക്കാനും വിജയിക്കാനും പ്രാപ്തരാക്കുകയും ചെയ്യുക.

### പ്രവർത്തനങ്ങൾ (ഹ്രസ്വകാലം)

1. പാഠാസൂത്രണത്തിൻറെ ഭാഗമായി കായിക വിദ്യാഭ്യാസത്തിലെ ഭാഗങ്ങൾ ഉൾപ്പെടുത്തും.
2. പ്രാദേശിക കളികൾ കണ്ടെത്തി അവയിലെ കായികക്ഷമതാ ഘടകങ്ങൾ വിദ്യാർത്ഥിൾക്ക് ലഭ്യമാകും വിധം ഉൾപ്പെടുത്തും.
3. സ്കൂളിലെ കായിക പരിശീലനത്തിൻറെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് അധ്യാപകരിൽ ഒരാളെ കോർഡിനേറ്ററായി ചുമതലപ്പെടുത്തും.

4. വിവിധ കായിക മത്സരങ്ങൾ നടത്തി വിദ്യാർത്ഥികളിൽ കായിക വാസനയും മത്സരവുദ്ധിയും വളർത്തും.
5. ഉയർന്ന കായികശേഷി പ്രകടിപ്പിക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി പഞ്ചായത്ത്,സബ്ജില്ലാ തല മത്സരങ്ങൾക്ക് പ്രാപ്തരാക്കുക.
6. പ്രാദേശികമായി വൈദഗ്ദ്യമുള്ളവരെ വിദ്യാർത്ഥികളുടെ കായികശേഷി വികസനത്തിന് പ്രയോജനപ്പെടുത്തും.
7. ലഭ്യമാകുന്ന പരമാവധി കായിക ഉപകരണങ്ങൾ സംഘടിപ്പിക്കുകയും വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഉപയോഗപ്പെടുത്തുകയും ചെയ്യും.

ദീർഘകാലം

1. ഒന്നാം ക്ലാസിൽ ചേരുന്ന വിദ്യാർത്ഥികളുടെ കായിക ശേഷി പരിശോധനയിലൂടെ കണ്ടെത്തി,ഉയരാൻ സാധ്യതയുള്ള ഇനങ്ങളിൽ പ്രത്യേക ശ്രദ്ധയും പരിശീലനവും ചിട്ടയായി വളരാനുള്ള അവസരവും ഒരുക്കുക.ഇത്തരം വിദ്യാർത്ഥികൾക്ക് സബ്ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കാൻ പ്രാദേശിക വൈദഗ്ദ്യമുള്ളവരെ ഉപയോഗപ്പെടുത്തി പരിശീന ക്യാമ്പുകൾ സംഘടിപ്പിക്കും.
2. സ്കൂളിൽ നിലവിലുള്ള മൈതാനത്തിൻറ്റെ സൌകര്യം വർദ്ധിപ്പിക്കും.

ചുമതല

അധ്യാപകർ

PTA

SSG

സാമ്പത്തികം

SSA

PTA

എം എൽ എ ഫണ്ട്.

എം പി ഫണ്ട്

# മേഖല-അക്കാദമികം

## ഉപമേഖല-സർഗ പ്രവർത്തനങ്ങൾ

**ലക്ഷ്യം**

വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ സർഗ ശേഷികളുടെ വികാസം.

**പ്രവർത്തനങ്ങൾ**

1. ക്ലാസ്തല പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ സർഗ വാസനകൾ കണ്ടെത്തും.
2. ആഴ്ചയിലൊരിക്കൽ ക്ലാസ് ടീച്ചറുടെ മേൽനോട്ടത്തിൽ നടത്തുന്ന സാഹിത്യ സമാജത്തിൽ സർഗശേഷി അവതരിപ്പിക്കാനുള്ള അവസരം നൽകും.തുടർന്ന് ശേഷി വികസനത്തിനാവശ്യമായ പിന്തുണ നൽകും.
3. ക്ലാസിലെ വിദ്യാർത്ഥികളുടെ വ്യത്യസ്ത രചനകൾ ഉൾപ്പെടുത്തി ക്ലാസ് തല കൈയെഴുത്ത് പുസ്തകം നിറവ് എന്ന പേരിൽ 3 മാസത്തിലൊരിക്കൽ പുറത്തിറക്കും
4. സ്വാതന്ത്ര്യ ദിനത്തിനോടനുബന്ധിച്ച് വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളുടെയും വ്യത്യസ്ത രചനകൾ ഉൾപ്പെടുത്തി നിറവ് സ്വാതന്ത്ര്യ ദിന സ്പെഷൽ പതിപ്പ് പുറത്തിറക്കും.

5. ചിത്രരചനയോട് താൽപര്യം വർദ്ധിപ്പിക്കാൻ ആഴ്ചയിലൊരിക്കൽ വരച്ച ചിത്രങ്ങൾ ശേഖരിക്കുകയും മികച്ചവ ചുമരിൽ പ്രദർശിപ്പിക്കുകയും ചെയ്യും.
6. കഥ,കവിത തുടങ്ങിയ സാഹിത്യ ഇനങ്ങളുടെ താൽപര്യം വളർത്താൻ കഥ,കവിത, വായനാമത്സരവും സാഹിത്യസമാജത്തിൽ ഉൾപ്പെടുത്തും.
7. വിദ്യാരംഗം പ്രവർത്തനങ്ങൾ സജീവമാക്കുകയും സർഗശേഷിയുള്ള വിദ്യാർത്ഥി വിദ്യാർത്ഥിനികളെ കണ്ടെത്തി പിന്തുണയും പ്രോത്സാഹനവും നൽകി വളർത്താനുള്ള പ്രവർത്തനങ്ങൾ വിദ്യാരംഗം കൺവിനറുടെ മേൽനോട്ടത്തിൽ നടത്തും.
8. സർഗശേഷിയുള്ള പ്രദേശിക വ്യക്തിത്വങ്ങളെ സ്കൂളിലേക്ക് ക്ഷണിച്ച് വിദ്യാർത്ഥികൾക്ക് പ്രചോദനവും അവരുമായി ഇടപെടാനുള്ള അവസരവും നൽകും.

<u>ദീർഘകാലം</u>

1. വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ സർഗപരമായ ശേഷികൾ കണ്ടെത്തി വളർത്താനുള്ള ശ്രമം നടത്തും.ആവശ്യമായ പിന്തുണ നൽകി ഏറ്റവും ഉയർന്ന നിലവാരത്തിലെത്തുന്നതിനുള്ള സാഹചര്യം നാല് വർഷകാലയളവിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

<u>ചുമതല</u>

ക്ലാസ് ടീച്ചർ, വിദ്യാരംഗം കൺവിനർ, SRG

## മേഖല-അക്കാദമികം

### ഉപമേഖല-പഠനയാത്ര

**ലക്ഷ്യം**

പഠനം ഉല്ലാസപ്രദമാകുന്നതോടൊപ്പം വ്യത്യസ്ത ചുറ്റുപാടുകളെ അനുഭവിക്കാനുള്ള അവസരമൊരുക്കുക.വ്യത്യസ്ത ഇടങ്ങളിലെ ജീവിതവും ജീവിതസാഹചര്യങ്ങളും മനസ്സിലാക്കാനുള്ള സാഹചര്യമൊരുക്കുക.

**പ്രവർത്തനങ്ങൾ**

- എല്ലാ അധ്യയന വർഷവും പരമാവധി മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി പഠനയാത്ര സംഘടിപ്പിക്കും
- പിടിഎ എക്സിക്യുട്ടീവ് മീറ്റിങ്ങിൽ ചർച്ച ചെയ്ത് പോകേണ്ട സ്ഥലവും ആവശ്യമായ തുകയും നിജപ്പെടുത്തും.
- പിടിഎ എക്സിക്യുട്ടീവ് അംഗങ്ങളെ പഠനയാത്രയിൽ പങ്കെടുപ്പിക്കും.
- പഠനയാത്രക്ക് ശേഷം യാത്രാവിവരണ മത്സരം ക്ലാസ് തലത്തിൽ നടത്തി മികച്ചതിന് സമ്മാനം നൽകും.
- അധ്യാപക വിദ്യാർത്ഥി ബന്ധങ്ങൾ കൂടുതൽ ഊഷ്മളമാക്കാനും വിദ്യാർത്ഥികളെ അടുത്തറിയാനും പഠനയാത്ര പ്രയോജനപ്പെടുത്തും

ചുമതല

എച്ച് എം

സാമ്പത്തികം

രക്ഷിതാക്കൾ

## മേഖല-അക്കാദമികം

### ഉപമേഖല-ലൈബ്രറി

ലക്ഷ്യം

- വായനാ പരിപോഷണം
- ആസ്വാദനത്തിൻറ്റെയും രചനകളുടെയും ലോകം പരിചയപ്പെടുത്തൽ.

പ്രവർത്തനങ്ങൾ

1. സ്കൂൾ ലൈബ്രറി സംവിധാനം ആകർഷമാക്കി പുസ്തക വായന പ്രോത്സാഹിപ്പിക്കും.

2. ക്ലാസ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തും.
3. 3,4 ക്ലാസിലെ കുട്ടികളിലെ വിദ്യാർത്ഥികൾക്ക് 2 ആഴ്ചയിൽ ഒരു പുസ്തക വായന നടത്താൻ നിർബന്ധ പ്രോത്സാഹനം നൽകുകയും അതുമായി ബന്ധപ്പെട്ട ആസ്വാദന വായനാ ചർച്ചകൾ ക്ലാസ് തലങ്ങളിൽ നടത്തുകയും ചെയ്യും.
4. വർഷത്തിൽ 2 ഇടവേളകളിലായി കൂടുതൽ പുസ്തകം വായിച്ച കുട്ടികൾക്ക് ക്ലാസ് തലങ്ങളിലും സ്കൂൾ തലങ്ങളിലും സമ്മാനങ്ങൾ നൽകും.
5. വായനാ മൂല സജീവമാക്കുകയും പത്രവായന പ്രോത്സാഹിപ്പിക്കുകയും ചെയ്യും.
6. സ്കൂൾ ലൈബ്രറി ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി ജന്മദിനത്തിൽ ഒരു പുസ്തകം എന്ന പരിപാടി ലൈബ്രറി ചാർജുള്ള അധ്യാപികയുടെ മേൽനോട്ടത്തിൽ നടത്തും.
7. ലഭ്യമായ ഫണ്ടുകൾ പ്രയോജനപ്പെടുത്തി ലൈബ്രറി നവീകരിക്കും.

<u>ചുമതല</u>

ക്ലാസ് ടീച്ചർ

ലൈബ്രേറിയൻ

SSG

<u>സാമ്പത്തികം</u>

SSA ,PTA

ദീർഘകാലം

1.നിലവിലുള്ള പരിമിതമായ ലൈബ്രറി സൌകര്യമ നവീകരിച്ച് ഡിജിറ്റൽ സിസ്റ്റത്തിലേക്ക് മാറ്റുകയും രക്ഷിതാക്കളുൾപ്പടെ സമീപവാസികൾക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യും.

ചുമതല

മാനേജ്മെൻറ്

PTA

സാമ്പത്തികം

MP വികസന ഫണ്ട്

SSA

PTA

# മേഖല-സാമൂഹികം

## ഉപമേഖല-പൊതു വിദ്യാലയ ശാക്തീകരണം

**ലക്ഷ്യങ്ങൾ**

1. മണ്ഡലത്തിലെ മുഴുവൻ കുട്ടികളെയും പൊതുവിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കും.
2. പൊതുവിദ്യാലയങ്ങൾ നാടിൻ്റെ സമ്പത്താണെന്ന ബോധം ജനമനസ്സിൽ ഉണ്ടാക്കിയെടുക്കുക.

**പ്രവർത്തനങ്ങൾ**

1. സ്ഥാപനത്തിൽ നിലനിൽ പഠിച്ച്കൊണ്ടിരിക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും വീടുകൾ അധ്യാപകർ ഗ്രൂപ്പായി സന്ദർശിക്കുക. വിവരശേഖരം നടത്തുക.
2. ഒന്നാം ക്ലാസിൽ ചേർക്കാനായ കുട്ടികളുള്ള വീടുകളിൽ പ്രത്യേക സന്ദർശനം നടത്തി പൊതുവിദ്യാലയ പ്രവേശനം ഉറപ്പ് വരുത്തുക.
3. കോർണർ പിടിഎ സംഘടിപ്പിച്ച് രക്ഷിതാക്കളുടെയും സഹകാരികളുടെയും സഹായം ഉറപ്പ് വരുത്തി പരമാവധി വിദ്യാർത്ഥികളെ സ്കൂളിലേക്കാകർഷിക്കുക.

**ചുമതല**-എച്ച് എം,സ്റ്റാഫ്

# മേഖല-സാമൂഹികം

## ഉപമേഖല-പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

**ലക്ഷ്യം**

വിദ്യാഭ്യാസ പ്രക്രിയയിലും സ്കൂളിൻറ്റെ സമഗ്ര വികസനത്തിലും സമൂഹ പങ്കാളിത്തം ഉറപ്പ് വരുത്തൽ.

**പ്രവർത്തനങ്ങൾ**

1. പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ച് ചേർത്ത് ഭാരവാഹികളെ തെരഞ്ഞെടുക്കുക.
2. സ്കൂൾ വികസനത്തിനാവശ്യമായ ഫണ്ട് സമാഹരണം.

**ചുമതല**

SSG

**കാലാവധി**

2 വർഷത്തിലൊരിക്കൽ

**സാമ്പത്തികം**

SSG

# മേഖല-അക്കാദമികം

## ഉപമേഖല-ശുചിത്വം,മാലിന്യ നിർമ്മാർജനം

**ലക്ഷ്യം**

വിദ്യാർത്ഥികളിൽ ശുചിത്വബോധം വളർത്തുകയും മാലിന്യ നിർമ്മാർജ്ജന രീതിയിൽ പരിചയപ്പെടുത്തുകയും ചെയ്യുക.

**പ്രവർത്തനങ്ങൾ**

1. ആഴ്ചയിലൊരിക്കൽ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് വിദ്യാലയവും ചുറ്റുപാടും വൃത്തിയാക്കും.
2. ആരോഗ്യമുള്ള ശരീരത്തിനും മനസിനും ശുചിത്വത്തിൻറ്റെ പ്രാധാന്യം എന്ന വിഷയത്തിൽ ഒരു പൊതു ക്ലാസ് സംഘടിപ്പിക്കും.
3. മാലിന്യ നിർമ്മാർജ്ജനത്തിൻറ്റെയും പുതിയ രീതിയിൽ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്ന വീഡിയോ പ്രദർശിപ്പിക്കുക.

## മേഖല-അക്കാദമികം

## ഉപമേഖല-സ്കൂൾ കലണ്ടർ നിർമ്മാണം.

**ലക്ഷ്യം**

വിദ്യാലയത്തിൽ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങളെ കുറിച്ച് രക്ഷിതാക്കൾ ഉൾപ്പെടെയുള്ള സഹകാരികളെ അറിയിക്കുകയും ആവശ്യമായ സഹായങ്ങൾ ഉറപ്പ് വരുത്തുകയും ചെയ്യുക.

**പ്രവർത്തനങ്ങൾ**

1. ഓരോ അധ്യയന വർഷത്തിലും വിദ്യാലയത്തിൽ നടത്തുന്ന പഠനാനുബന്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സ്കൂൾ കലണ്ടർ നിർമിക്കുക.
2. രക്ഷിതാക്കൾ ഉൾപ്പെടെയുള്ള സ്ഥാപന ചുറ്റുപാടിലുള്ളവരിലേക്കൊക്കെ കലണ്ടർ വിതരണം ചെയ്യുക.

**ചുമതല**

SRG

# മേഖല-സാമൂഹികം

## ഉപമേഖല-PTA

**ലക്ഷ്യം**

വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കും സഹായവും ഉറപ്പ് വരുത്തുക.

**പ്രവർത്തനങ്ങൾ**

1. സ്കൂൾ അധ്യയന വർഷമാരംഭിക്കുന്ന ജൂൺ മാസത്തിൽ അധ്യാപക രക്ഷാകർതൃ മീറ്റിങ്ങ് വിളിച്ച് ചേർക്കും.
2. പൊതു വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനുള്ള മാർഗങ്ങളും വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള അഭിപ്രായ നിർദ്ദേശങ്ങളും രക്ഷിതാക്കളിൽ നിന്ന് സ്വീകരിക്കും.
3. അധ്യാപക രക്ഷാകർതൃ മീറ്റിങ്ങിൽ പി.ടി.എ എക്സിക്യുട്ടീവ് ഭാരവാഹികളെയും തെരഞ്ഞെടുക്കും.
4. വർഷത്തിൽ ഏറ്റവും ചുരുങ്ങിയത് 2 പ്രാവിശ്യം രക്ഷാകർതൃമീറ്റിങ്ങും മാസത്തിൽ ഒരു പ്രാവിശ്യമെങ്കിലും PTA എക്സിക്യുട്ടീവും ചേർന്ന് വിദ്യാലയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും തീരുമാനിക്കുകയും ചെയ്യും.

**ചുമതല**

-എച്ച് എം

സ്റ്റാഫ്

## മേഖല-ഭൌതികം

## ഉപമേഖല-സ്മാർട്ട് ക്ലാസ് റൂം

**ലക്ഷ്യം**

ബോധന രീതിയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തി വിദ്യാർത്ഥികളിൽ ഉയർന്ന പഠന സന്നദ്ധതയും താൽപര്യവും ഗ്രാഹ്യശേഷിയും വളർത്തുക.

**പ്രവർത്തനങ്ങൾ**

1. പാഠപുസ്തകങ്ങളിലെ പാഠാനുഭവങ്ങൾ ഫലപ്രദമായ ദൃശ്യശ്രാവിഷ്കാരം നൽകുക.

2. പഠനം നൂതനവും ഫലപ്രദവും ആകർഷണവുമാക്കാൻ നിലവിലുള്ള എല്ലാ സാങ്കേതിക സംവിധാനങ്ങളും പ്രയോജനപ്പെടുത്തുക.
3. സാമ്പത്തിക ശ്രോതസ്സ് പി.ടി.എ സ്കൂൾ മാനേജ്മെൻറ്റ് എന്നീ കൂട്ടായ്മകളുടെ മേൽനോട്ടത്തിൽ സംഘടിപ്പിക്കുക.

ചുമതല-

എച്ച് എം

സാമ്പത്തികം

MP,MLA വികസന ഫണ്ട്

കാലാവധി-

1 വർഷം

# മേഖല-ഭൗതികം

## ഉപമേഖല-ജൈവവൈവിധ്യ പാർക്ക്

ലക്ഷ്യം

സ്കൂൾ പരിസരം പരമാവധി ഹരിതാഭമാക്കുക.

പ്രവർത്തനങ്ങൾ

വിദ്യാലയത്തിലേക്കുള്ള വിവിധ വഴികളിൽ പരമാവധി തണൽ മരങ്ങൾ വെച്ച് പിടിപ്പിക്കുക.കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് അവയുടെ പരിപാലനം ഉറപ്പാക്കുക.

ഉത്തരവാദിത്വം

വിവിധ ക്ലബ്ബുകൾ

വായനശാല

പി.ടി.എ

കാലാവധി-1 വർഷം

- വിദ്യാലയ വിഭവങ്ങൾ സാമൂഹികമായി പങ്കുവെക്കൽ

1. കാർഷിക സംസ്കൃതിയെ വീണ്ടെടുക്കുക.
2. വിദ്യാലയത്തിൽ സൌകര്യപ്രദമായ സ്ഥലത്ത് പച്ചക്കറിത്തോട്ടം നിർമ്മിക്കുക.

3. കൃഷിയുടെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുക.
4. കൃഷിയോട് ആഭിമുഖ്യം വളർത്തുക.

<u>പ്രവർത്തനങ്ങൾ</u>

1. വിവിധതരം വിത്തുകൾ കുട്ടികളിൽ നിന്ന്/വീട്ടിൽ നിന്ന് ശേഖരിക്കുക.
2. അനുയോജ്യമായ സ്ഥലത്ത് പച്ചക്കറിത്തോട്ടം നിർമിക്കുക.
3. പരിപാലനം,വളമിടൽ, വിളശേഖരണം അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.
4. വൈകുന്നേരങ്ങളിൽ, അവധി ദിവസങ്ങളിൽ അമ്മമാരുടെ സഹായം ഉറപ്പാക്കുക.
5. ഔഷധ ഉദ്യാനം ഒരുക്കൽ.

<u>കിഡ്സ് പാർക്ക്</u>

- സ്കൂൾ മുറ്റത്ത് ഒരു പാർക്ക് ഒരുക്കൽ.
  കാലാവധി-2 വർഷം
  1. വള്ളിച്ചെടികൾ നട്ട് കവാടം അലങ്കരിക്കുക.
  2. ചെടികൾ കൊണ്ട് കവാടം നിർമ്മിക്കുക.

***മേഖല:: അക്കാദമികം**

***ഉപമേഖല- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി**

**ലക്ഷ്യങ്ങൾ...**

*സ്കൂളിന്റെ സമഗ്ര വികസനം

* കാലാവധി*... 1 വർഷം

പ്രവർത്തനങ്ങൾ

*ഒരു കുട്ടി ഒരു യൂണിറ്റ് ആയി കണക്കാക്കി ആവശ്യമായ പഠന പിന്തുണ നൽകുക

* കുട്ടികളുടെ പഠന നേട്ടങ്ങൾ സ്കൂളിൽ പ്രദർശിപ്പിക്കുക

* ആവശ്യമായ സാഹചര്യങ്ങളിൽ കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും പഠന പിന്തുണ നൽകുകയും ചെയ്യുക

* പഠന പ്രവർത്തനങ്ങൾക്ക് കൂടുതൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക

* സ്കൂൾ തല സമിതി രൂപീകരിക്കുക

* സ്കൂളിന്റെ സമഗ്ര വികസന പ്രവർത്തനത്തിന് പൂർവ വിദ്യാർത്ഥികളെ പങ്കാളികളാകുക.

* എല്ലാ കുട്ടികളും എഴുതുവാനും വായിക്കുവാനും പ്രാപ്തരാവുക

* വായനശാല, ക്ലബ്ബ് എന്നിവയെ സംയോജിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുക

* നിരന്തരം മൂല്യനിധിയുടെ കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുക